'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഷൈജു വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.188/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/01/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.01.2016-ലെ ഇ10(എസ്.സി.18/15/എംപിഎം) 23861/2015നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 15.03.2016-ലെ 541/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 25.01.2017-ലെ 152/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ഷൈജു വർഗ്ഗീസ് സമർപ്പിച്ച 17.04.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018-ലെ ഡി4-5318/17 നമ്പർ കത്ത്

6 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2018-ലെ ഡി4-5318/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് അന്വേഷണത്തിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷൈജു വർഗ്ഗീസിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

1. സ്ഥല പരിശോധന നടത്താതെ നാല് വ്യവസായ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു.

2. കെട്ടിട നിർമ്മാണ അനുമതിയ്ക്കായി കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട രണ്ട് അപേക്ഷകൾ 6 മാസത്തോളമായിട്ടും കാരണങ്ങളൊന്നും കൂടാതെ വൈകിപ്പിച്ചു.

3. നഞ്ച തരമായ ഭൂമിയിൽ നിലവിലെ നിയത കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണാനുമതി നൽകുകയും നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള അപേക്ഷകൾ, അപേക്ഷകളുടെ മുൻഗണനാക്രമം പാലിക്കാതെ നഞ്ച കമ്മിറ്റിയിക്ക് സമർപ്പിക്കുകയും ചെയ്തു.

4. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളും സൂപ്പർവൈസറി തസ്തികയിലുള്ള അസിസ്റ്റന്റ് സെക്രട്ടറി മുഖാന്തിരമല്ലാതെ നേരിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെട്ടു.

കുറ്റപത്രത്തിന് ശ്രീ. ഷൈജു വർഗ്ഗീസ് പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഡി&ഒ ലൈസൻസ് അനുവദിക്കാറുള്ളത് സെക്ഷൻ ക്ലാർക്ക് ലൈസൻസ് എഴുതി തയ്യാറാക്കി സെക്ഷൻ ഹെഡ് ആയ ജൂനിയർ സൂപ്രണ്ട് മുഖാന്തിരം പരിശോധന നടത്തി ഫയൽ സെക്രട്ടറിക്കു സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണെന്ന ശ്രീ. ഷൈജു വർഗ്ഗീസിന്റെ വാദം പരിശോധിച്ചതിൽ നിന്നും വിജിലൻസ് പരിശോധന നടത്തുന്നതിനു മുമ്പുള്ള കാലയളവിലെ ഡി&ഒ ലൈസൻസ് അപേക്ഷകളും ഡിമാന്റ് രജിസ്റ്ററും, ഓഫീസ് ഉത്തരവ് ബുക്കും പരിശോധിച്ചതിൽ സെക്ഷൻ ക്ലാർക്കിന്റെ റിപ്പോർട്ട് പ്രകാരം സെക്രട്ടറി ലൈസൻസ് അനുവദിച്ചതായി കാണുന്നുവെങ്കിലും ചില ഡി&ഒ ലൈസൻസുകൾ യാതൊരു റിപ്പോർട്ടും കൂടാതെ തന്നെ അനുവദിച്ച് നൽകിയതായും ആയതിനാൽ ടിയാന്റെ വാദം പൂർണ്ണമായും ശരിയല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള അപേക്ഷകളും, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററും പരിശോധിച്ചതിൽ ഭൂരിഭാഗം ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിലും എം.ഒ.പി.യിൽ അനുശാസിക്കുന്ന പ്രകാരം പഞ്ചദിനചട്ടം പാലിച്ചല്ല ഗ്രാമപഞ്ചായത്തിൽ നിന്നും തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്നും, ആകയാൽ രണ്ട് ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പെന്റിംഗ് ആയതിന് താൻ മാത്രം ഉത്തരവാദിയല്ലെന്ന ടിയാന്റെ എതിർവാദത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്നും കൂടാതെ മറ്റൊരു ഉദ്യോഗസ്ഥൻ തന്റെ ഉത്തരവാദിത്വം യഥാവിധി നിർവ്വഹിക്കാതിരുന്നതുകൊണ്ടു മാത്രമാണ് തനിയ്ക്ക് വീഴ്ച വന്നത് എന്ന ടിയാന്റെ മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നഞ്ച ഭൂമിയിൽ 300 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ നഞ്ച കമ്മിറ്റി മുഖേനയാണ് നൽകിയിരിക്കുന്നതെന്നും, 02/2015 മുതൽ 02/2016 വരെയുള്ള കാലയളവിൽ കൃത്യമായ ഇവേളകളിൽ നഞ്ച കമ്മിറ്റി അംഗങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ടി കമ്മിറ്റി നിർദ്ദേശിച്ച അപേക്ഷകൾക്ക് മുൻഗണനാക്രമം പാലിച്ചാണ് അനുമതി നൽകിയിരിക്കുന്നത് എന്ന ടിയാന്റെ പ്രതിവാദം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ നഞ്ച കമ്മിറ്റി മിനിട് സ് പരിശോധിച്ചതിൽ, 11.12.2004-ന് ശേഷം 28.05.2015, 09.06.2015, 15.09.2015 എന്നീ തീയതികളിലാണ് നഞ്ച കമ്മിറ്റികൾ ചേർന്നിട്ടുള്ളതെന്നും, നഞ്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന അപേക്ഷകൾ തീർപ്പാക്കിയത് സംബന്ധിച്ച് കമ്മിറ്റി രജിസ്റ്റർ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാവുകയുണ്ടായുള്ളുവെന്നും ആയതിൽത്തന്നെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയതായി കാണുന്നില്ലായെന്നും മറ്റ് ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച വാദം പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളും സൂപ്പർവൈസറി തസ്തികയിലുള്ള അസിസ്റ്റന്റ് സെക്രട്ടറി മുഖാന്തിരമല്ലാതെ നേരിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെട്ടു എന്ന ആരോപണത്തിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ' ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സെക്ഷനിൽ നിന്നും സമർപ്പിച്ചിട്ടുള്ളതും, അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ചതും സെക്രട്ടറി നേരിട്ട് പരിശോധിക്കേണ്ട ഫയലുകൾ അപ്രകാരം പരിശോധിച്ചിട്ടാണ് പെർമിറ്റ് നൽകിയതെന്നും കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച ചുമതലകൾ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് കൽപിച്ച് നൽകിയിട്ടില്ലായെന്നും വാദിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുകൊണ്ട് സ.ഉ.(എംഎസ്) 218/2013/തസ്വഭവ തീയതി 10.06.2013 ആയി പുറപ്പെടുവിച്ച ഉത്തരവ് പരിശോധിച്ചതിൽ

കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച ചുമതലകൾ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് കൽപ്പിച്ച് നൽകിയിട്ടില്ലായെന്നും ആയതിനാൽ ഇതു സംബന്ധിച്ച് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡി &ഒ ലൈസൻസ് നൽകുന്നതിന് സ്ഥലപരിശോധന നടത്തണമെന്ന നിബന്ധന ഏതു ചട്ടപ്രകാരമാണെന്നും ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ പെർമിറ്റ് നൽകിയത് ഏതു ചട്ടത്തിന്റെ ലംഘനമാണെന്നും കൂടാതെ 6 മാസമായി പെർമിറ്റിനുള്ള അപേക്ഷകൾ നിലവിലിരിക്കെ 7 ദിവസങ്ങൾക്കകം കൊമേർഷ്യൽ കെട്ടിടത്തിന് പെർമിറ്റ് നൽകിയെന്നും റിപ്പോർട്ടിൽ കാണുന്ന സാഹചര്യത്തിലും, കൂടാതെ രേഖകൾ ലഭിക്കാത്തതിനാൽ മറുപടി നല്കാൻ കഴിയുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ മറുപടി ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 6 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ചുവടെ ചേർക്കുംപ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സർക്കാരിന്റെ 31.07.2018-ലെ 45846/ആർഎ1/08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നഞ്ച കമ്മിറ്റി മഹസർ തയ്യാറാക്കുമ്പോൾ,

1. വീട് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തിന്റെ കഴിഞ്ഞ 10 വർഷത്തെ വിവരങ്ങൾ
2. പ്രസ്തുത സ്ഥലത്തിന്റെയും നാലു ചുറ്റുമുള്ള സ്ഥലത്തിന്റെയും ഫോട്ടോ
3. വൃക്ഷങ്ങളും മറ്റും ഉള്ളപക്ഷം അവയുടെ ഫോട്ടോ പ്രത്യേകമായി എടുക്കേണ്ടതും എത്ര വർഷം പഴക്കമുണ്ട് എന്ന് പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്.
4. നിർമ്മാണ കാലം നിലവിലുള്ള ഡ്രെയിനേജ് സംവിധാനത്തിന് യാതൊരു രീതിയിലുള്ള തടസ്സവും ഉണ്ടാകാൻ പാടില്ല
5. ടി സ്ഥലം മഴക്കാലത്ത് വെള്ളം കയറി ഇറങ്ങുന്ന സ്ഥലം ആയിരിക്കാൻ പാടില്ല.
6. പ്രസ്തുത സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങൾ എല്ലാം നിലവിൽ കരഭൂമിയായിരിക്കണം
7. ടി സ്ഥലത്തേയ്ക്ക് പ്രത്യേകം വഴി ഉണ്ടായിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി മഹസറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അപ്രകാരമുള്ള മഹസർ റിപ്പോർട്ടോ ഫോട്ടോഗ്രാഫുകളോ പരിശോധനാ സമയത്ത് ലഭ്യമായിരുന്നില്ലെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൂടാതെ മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്ത കുടുംബത്തിനാണ് ഇപ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്ന് തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ലെന്നും ആയതിനാലാണ് അപ്രകാരം റിപ്പോർട്ട് സമർപ്പിക്കാനിടയായതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലൈസൻസുകളും അനുവാദങ്ങളും നൽകുന്നത് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 236-ാം വകുപ്പ് 10-ാം ഉപവകുപ്പിൽ ഏത് സ്ഥലങ്ങളുടെ കാര്യത്തിൽ ഈ ആക്റ്റ് മൂലമോ ആക്റ്റിൽ കീഴിൽ ലൈസൻസോ അനുവാദമോ ആവശ്യമുണ്ടോ പ്രസ്തുത സ്ഥലങ്ങൾ

പരിശോധിക്കുന്നത് സെക്രട്ടറിയുടെ കർത്തവ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവരവും, കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ലെ ചട്ടം 11 സൈറ്റും പ്ലാനുകളും അംഗീകരിക്കലും പെർമിറ്റ് നൽകലും അനുസരിച്ച് സെക്രട്ടറി സൈറ്റ് നേരിട്ട് പരിശോധിക്കുകയും സൈറ്റ് പ്ലാനും പ്രമാണങ്ങളും ആയതിന്റെ നിജസ്ഥിതി ബോധ്യപ്പെടുകയും ചെയ്ത ശേഷം സൈറ്റിന്റെ ഉടമസ്ഥാവകാശത്തിന്റെ നിജസ്ഥിതിയും സൈറ്റും പ്ലാനും ഡ്രോയിംഗുകളും പണിയുടെ വിവരങ്ങളും സൈറ്റിനും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും അല്ലെങ്കിൽ ആക്ടിൻ കീഴിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ ഉണ്ടാക്കിയിട്ടുള്ള ബൈലകൾക്കും അനുസൃതമാണെന്ന് ബോധ്യമാകുന്നപക്ഷം മാത്രമേ പെർമിറ്റ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ പെർമിറ്റ് നൽകിയത് ഈ ചട്ടത്തിന്റെ ലംഘനമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഷൈജു വർഗ്ഗീസ് സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2011-ലെ പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നതായി കാണുന്നതിനാലും നഞ്ച ഭൂമിയിൽ വീട് വയ്ക്കുന്നതിനു പെർമിറ്റ് നൽകുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുവാദമോ ആവശ്യം വേണ്ടുന്ന സ്ഥല പരിശോധനയോ നടത്താതെ പെർമിറ്റ് അനുവദിച്ചതെന്ന കണ്ടെത്തലുള്ളതിനാലും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ ഷൈജു വർഗീസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ രണ്ടു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ഷൈജു വർഗ്ഗീസ്, മുൻ സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി3/85/2019/വിജി. തീയതി 06.03.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/152/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ